ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 16.10.2024**

## പ്രധാനവാർത്തകൾ

1). ത്രിരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് മൗറിറ്റാനിയയിൽ എത്തി.

2) 2025-26 കാലയളവിൽ റാബി വിളകൾക്ക് മിനിമം താങ്ങുവില ഏർപ്പെടുത്താൻ കേന്ദ്രമന്ത്രിസഭാ തീരുമാനം.
കേന്ദ്രജീവനക്കാരുടെ ക്ഷാമബത്തയിൽ മൂന്ന് ശതമാനം വർദ്ധന.

3) സംസ്ഥാന സർക്കാർ സമർപ്പിച്ച തീരദേശ പരിപാലന പ്ലാനിന് കേന്ദ്രസർക്കാരിൻറെ അംഗീകാരം.

4) ആയുർവേദ ഗവേഷണത്തിലെ മികവിൻറെ കേന്ദ്രത്തിന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് നാളെ തിരുവനന്തപുരത്ത് തറക്കല്ലിടും.

5) തുലാമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു.

6) സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. 12 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
കേരളതീരത്ത് രൂക്ഷമായ കടലാക്രമണത്തിനും സാധ്യത.

RNU TVPM

******************************************************************************************

## രാഷ്ട്രപതി

ത്രിരാഷ്ട്ര സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു മൗറിറ്റാനിയയിൽ എത്തി. മൂന്ന് ദിവസം നീണ്ട അൾജീരിയ സന്ദർശനം വിജയകരമായി പൂർത്തിയാക്കിയ ശേഷമാണ് രാഷ്ട്രപതി മൗറിറ്റാനിയയിൽ എത്തുന്നത്. മൗറിറ്റാനിയൻ പ്രസിഡൻറ് മൊഹമ്മദ് ഗസൗനിയുമായി ശ്രീമതി മുർമു ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. രാജ്യത്തെ ഇന്ത്യൻ പ്രവാസി സമൂഹവുമായും രാഷ്ട്രപതി സംവദിക്കും.

*************************************************************************************

## ക്യാബിനറ്റ്

2025-26 കാലയളവിൽ റാബി വിളകൾക്ക് മിനിമം താങ്ങുവില ഏർപ്പെടുത്താൻ പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഗോതമ്പിൻറെ താങ്ങുവില ക്വിൻറലിന് 150 രൂപയായും, കടുകിൻറേത് മൂന്നൂറ് രൂപയായും വർദ്ധിപ്പിച്ചതായി മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. കേന്ദ്രസർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്തയിൽ മൂന്ന് ശതമാനം വർദ്ധന കൊണ്ടുവരാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു. 49 ലക്ഷം ജീവനക്കാർക്കും 64 ലക്ഷം പെൻഷൻകാർക്കും ഇതിൻറെ ഗുണം ലഭിക്കും.

*************************************************************************************

## തീരദേശ പരിപാലന പ്ലാൻ

സംസ്ഥാനത്തെ കടൽ, കായൽ തീരങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണ പരിധിയിൽ ഇളവുകൾ ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച തീരദേശ

PNU TVPM

പരിപാലന പ്ലാനിന് കേന്ദ്രസർക്കാർ അംഗീകാരം നൽകി. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ് അനുമതി നൽകിയത്. സംസ്ഥാനത്തെ പത്ത് തീരദേശ ജില്ലകളിലെ പത്തുലക്ഷത്തോളം ജനങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. നിർമാണ പ്രവർത്തനങ്ങൾക്ക് കടുത്ത നിയന്ത്രണമുള്ള 66 പഞ്ചായത്തുകൾക്കാണ് ഇതിലൂടെ ഇളവ് നേടാനായത്.

******************************************************************

## ജിതേന്ദ്രസിംഗ് മികവിൻറെ കേന്ദ്രം

സി.എസ്.ഐ. ആർ - NIIST സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ആയുർവേദ ഗവേഷണത്തിലെ മികവിൻറെ കേന്ദ്രത്തിന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് നാളെ തിരുവനന്തപുരത്ത് തറക്കല്ലിടും. ആയുഷ് ഗുണനിലവാര പരിശോധനയ്ക്കും നൂതന ആശയങ്ങൾ നടപ്പാക്കാനും ലക്ഷ്യമിട്ടാണ് മികവിൻറെ കേന്ദ്രം വിഭാവനം ചെയ്തിരിക്കുന്നത്. പെർഫോമൻസ് കെമിക്കൽസ് ആൻറ് സസ്റ്റെയ്നബിൾ പോളിമറുകളിലെ മികവിൻറെ കേന്ദ്രത്തിൻറെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നാളെ നിർവ്വഹിക്കും.

RNUTVPM

******************************************************************

## മൻ കി ബാത് പ്രശ്നോത്തരി

നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രക്ഷേപണ പരമ്പരയെ അടിസ്ഥാനമാക്കി നടന്ന് വരുന്ന പ്രശ്നോത്തരിയുടെ സീസൺ 4 മത്സരങ്ങൾ കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് മറ്റന്നാൾ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം കാര്യവട്ടത്ത് നടക്കുന്ന ചടങ്ങിൽ മുൻ

കേന്ദ്രമന്ത്രി വി. മുരളീധരൻ അധ്യക്ഷത വഹിക്കും. കഴിഞ്ഞ സീസണിൽ താലൂക്ക് തല മത്സരത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്യും.

**************************************************************

**<u>ആർ ബിന്ദു</u>**

രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ മികച്ച സ്ഥാപനങ്ങളിൽ 21 ശതമാനവും കേരളത്തിലെന്ന് മന്ത്രി ആർ ബിന്ദു. കേരള, എംജി സർവ്വകലാശാലകൾക്ക് നാക് അക്രഡിറ്റേഷനിൽ എ പ്ലസ് പ്ലസും കാലടി, കുസാറ്റ് സർവ്വകലാശാലകൾക്ക് എ പ്ലസും നേടാനായി. ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഹബ്ബാക്കി കേരളത്തെ മാറ്റുകയാണ് ലക്ഷ്യമെന്നും തിരുവനന്തപുരം ഗവ. സംസ്കൃത കോളേജിൽ പുതുതായി നിർമ്മിച്ച അക്കാദമിക് ബ്ലോക്കിൻറെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മന്ത്രി പറഞ്ഞു.

RNUTVPM

**************************************************************

**<u>ബ്രേക്ക്........</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

**************************************************************

**<u>ശബരിമല</u>**

തുലാമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഇന്ന് വൈകുന്നേരം അഞ്ച് മണിക്ക് തുറന്നു. ഇന്ന് പ്രത്യേക പൂജകളൊന്നും തന്നെയില്ല. ശബരിമലയിലേയും മാളികപുറത്തേയും പുതിയ മേൽശാന്തിമാരെ തിരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് തുലാം ഒന്നായ നാളെ

രാവിലെ നടക്കും. തന്ത്രി, ദേവസ്വംബോർഡ് പ്രസിഡൻ്റ് പി.എസ്.പ്രശാന്ത്, ബോർഡ് അംഗങ്ങൾ, സ്പെഷ്യൽ കമ്മീഷണർ എന്നിവരുടെ സാന്നിധ്യത്തിലാണ് മേൽശാന്തി നറുക്കെടുപ്പ് .

**********************************************************************

**<u>മഴ - സംസ്ഥാനം</u>**

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള എല്ലാ ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് പോകരുതെന്നാണ് നിർദ്ദേശം. .കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ പ്രത്യേക ജാഗ്രത പാലിക്കണം. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകടമേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായി ഒഴിവാക്കേണ്ടതാണ്. കേരളാ തീരത്തിനു പുറമേ കന്യാകുമാരി, തൂത്തുക്കുടി, തിരുനെൽവേലി തീരങ്ങളിലും, ലക്ഷദ്വീപ്, മാഹി, കർണാടക തീരങ്ങളിലും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

**********************************************************************

**<u>കൊല്ലം - (ഇൻട്രോ)</u>**

കൊല്ലം തീരമേഖലയിൽ കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കടലാക്രമണം രൂക്ഷം. ജനവാസമേഖലകളിൽ അനുഭവപ്പെടുന്ന കടലാക്രമണം ജനങ്ങളെ

RNU TVPM

ഭീതിയിലാക്കിയിരിക്കയാണ്. ഇന്നലെ വൈകുന്നേരം മുതലാണ് തിരമാലകൾ ശക്തിയാർജ്ജിച്ചത്.

**കൂടുതൽ വിവരങ്ങളുമായി കൊല്ലത്തുനിന്നും**
**ആകാശവാണി പ്രതിനിധി നീരജ് ലാൽ...**
**(വോയ്സ്.................)**

****************************************************************************

**തിരയിൽപ്പെട്ട് മരിച്ചു**

കാസർഗോഡ് നീലേശ്വരം അഴിത്തലയിൽ വള്ളം തിരമാലയിൽ പെട്ട് മത്സ്യത്തൊഴിലാളി മരിച്ചു. പരപ്പനങ്ങാടി സ്വദേശി കോയ മോനാണ് മരിച്ചത്. മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ചു വരുന്നതിനിടയിലാണ് അപകടമുണ്ടായത്. അപകടത്തിൽപ്പെട്ട 8 പേർ വിവിധ ആശുപത്രികളിൽ ചികിൽസയിലാണ്. ഒരാളെക്കൂടി ഇനിയും കണ്ടെത്താനുണ്ട്.

RNU TVPM

****************************************************************************

**എ.ഡി.എം - സംസ്കാരം**

കണ്ണൂർ എ.ഡി.എം നവീൻ ബാബുവിൻ്റെ മൃതദേഹം ജന്മനാടായ പത്തനംതിട്ടയിൽ ഇന്ന് ഉച്ചതിരിഞ്ഞ് എത്തിച്ചു. നാളെ രാവിലെ 10-ന് പത്തനംതിട്ട കളക്ടറേറ്റിൽ നടക്കുന്ന പൊതുദർശനത്തിനുശേഷം അദ്ദേഹത്തിൻറെ സ്വദേശമായ മലയാലപ്പുഴ പത്തിശ്ശേരിയിലുള്ള വീട്ടിൽ സംസ്കാര ചടങ്ങുകൾ നടക്കും. സംഭവത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറിനെതിരെ നിയമപരമായ നടപടികൾ ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു.

ജില്ലാ കളക്ടറും ജില്ലാ പോലീസ് മേധാവിയും പരാതി പരിശോധിച്ച് രണ്ടാഴ്ച്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

************************************************************

**<u>കണ്ണൂർ - മാർച്ച്</u>**

കണ്ണൂർ എ.ഡി.എമ്മിൻറെ മരണത്തിലേക്ക് നയിച്ച സംഭവങ്ങളിൽ പ്രതിഷേധിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.പി ദിവ്യയുടെ വസതിയിലേക്ക് ബിജെപി പ്രവർത്തകരും യൂത്ത് കോൺഗ്രസ് പ്രവർത്തകരും മാർച്ച് നടത്തി. പി. പി ദിവ്യയുടെ രാജി ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. ജില്ലയുടെ പല ഭാഗങ്ങളിലും സമാനമായ പ്രതിഷേധങ്ങൾ അരങ്ങേറി.

RNU TVPM

************************************************************

**<u>കാസർകോട് -(ഇൻട്രോ)</u>**

ലോക്കൽ ലീഡർ ചാമ്പ്യൻ പുരസ്ക്കാരം സ്വന്തമാക്കി കാസർകോട് വലിയപറമ്പ ഗ്രാമപഞ്ചായത്ത്. ഫിലിപ്പൈൻസിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് വി.വി സജീവൻ പുരസ്കാരം ഏറ്റുവാങ്ങി. യുനെസ്കോ നടപ്പാക്കുന്ന സുനാമി റെഡി പദ്ധതിയിലേക്കും വലിയപറമ്പ ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**കാസർകോട് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ....**
**(വോയിസ്.........)**

************************************************************

## തിരു-ജലവിതരണം മുടങ്ങും

കേരള വാട്ടർ അതോറിറ്റി കുര്യാത്തി സെഷൻറെ പരിധിയിൽ വരുന്ന പൈപ്പ് ലൈൻ ഇൻറർകണക്ഷൻ ജോലികൾ നടക്കുന്നതിനാൽ ഈ മാസം 24 രാത്രി 8 മണി മുതൽ 25 രാവിലെ 8 മണി വരെ തിരുവനന്തപുരം നഗരത്തിലെ വിവിധ പ്രദേശങ്ങളിൽ ജലവിതരണം മുടങ്ങും. ഉപഭോക്താക്കൾ വേണ്ട മുൻകരുതൽ സ്വീകരിക്കേണ്ടതാണെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

************************************************************************

## പൊതുപ്രഭാഷണം

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ലോക പ്രശസ്ത ആംഫീബിയൻ ബയോളജിസ്റ്റ് പ്രൊഫസർ എസ്. ഡി. ബിജുവിൻറെ പ്രഭാഷണം ഈ മാസം 23 ന് തിരുവനന്തപുരത്ത് സംഘടിപ്പിക്കും. ഭൂമിയിലെ ആവാസ വ്യവസ്ഥയിൽ തവളകൾ വഹിക്കുന്ന സുപ്രധാന പങ്കിനെക്കുറിച്ചുള്ള പ്രഭാഷണം പ്രിയദർശിനി പ്ലാനിറ്റോറിയം സെമിനാർ ഹാളിലാണ് നടക്കുന്നത്.

RNU TVPM

************************************************************************

## ക്രിക്കറ്റ്

ഇന്ത്യ- ന്യൂസിലൻഡ് ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിലെ ആദ്യ ദിനം മഴ മൂലം കളി ഉപേക്ഷിച്ചു. മത്സരം നാളെ നടക്കും. ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാവിലെ 9.30-നാണ് കളി ആരംഭിക്കേണ്ടിയിരുന്നത്.

************************************************************************